പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 5951 — 04.07.2019 ൽ മറുപടിക്ക്

## കൊച്ചുവേളി-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കൊച്ചുവേളി-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ പ്രായോഗികമാക്കുന്നതിനായി സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും പാതയ്ക്കായുള്ള (സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ) സാധ്യതാ പഠന റിപ്പോർട്ട് ജനറൽ കൺസൾട്ടന്റായി തെരഞ്ഞെടുത്ത "സിസ്ട്ര" എന്ന സ്ഥാപനം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച കേരള റെയിൽവേ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (ബി) സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന ഒരു സംയുക്ത സംരംഭക കമ്പനി ആരംഭിക്കുകയുണ്ടായി. പ്രസ്തുത കമ്പനി താഴെപറയുന്ന പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തി വരുന്നു.<br><br>1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത<br>2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ<br>3. നിലമ്പൂർ - നഞ്ചൻ ഗുഡ് ബ്രോഡ് ഗേജ് പാത<br>4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി |

| | | | |
|---|---|---|---|
| (സി) | പദ്ധതിക്ക് വരുന്ന ചെലവ് എത്രയാണെന്നും പദ്ധതി എന്നത്തേക്ക് പ്രാവർത്തിക മാകുമെന്നും അറിയിക്കാമോ; ഇതു നടപ്പിൽ വരുന്നതുമൂലമുള്ള പ്രയോജനങ്ങൾ വിശദീകരിക്കാമോ? | (സി) | 56,442 കോടി രൂപ മതിപ്പു ചെലവ് പ്രതീക്ഷിക്കുന്ന സെമീ ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി പൂർത്തിയാക്കുമ്പോൾ 66,405 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം നടപ്പിലാക്കാൻ സാധിക്കുമെന്ന് കരുതുന്നു. ഈ പാത യാഥാർത്ഥ്യമാകുമ്പോൾ തിരുവനന്തപുരത്തു നിന്നും കാസർഗോഡ് വരെ നാല് മണിക്കൂറിൽ എത്തിച്ചേരാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ